പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *132 14/06/2013- ൽ മറുപടിക്ക്

## ഇടുക്കി പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി :<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:<br>ശ്രീ.കെ.കെ ജയചന്ദ്രൻ:<br>ശ്രീ. എസ്.രാജേന്ദ്രൻ: | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഇടുക്കി പാക്കേജിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ; | 1. പശുക്കളെ വാങ്ങുന്ന പദ്ധതി (Induction of Cows) (മൃഗസംരക്ഷണ വകുപ്പ് )<br>2. കന്നുകുട്ടി പരിപാലന പദ്ധതി (മൃഗസംരക്ഷണ വകുപ്പ്)<br>3. കൃത്രിമ ബീജധാന പദ്ധതി (മൃഗസംരക്ഷണ വകുപ്പും,കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡും)<br>4. മദി ഏകീകരണ പദ്ധതി (Estrous Synchronisation) (മൃഗസംരക്ഷണ വകുപ്പും കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡും)<br>5. കട്ടപ്പന ഡയറിയുടെ ഉന്നമനം (മിൽമ)<br>6. അകിടു വീക്ക നിയന്ത്രണ പദ്ധതി (മിൽമ, മൃഗസംരക്ഷണ വകുപ്പ്)<br>7. പുൽകൃഷി വികസന പദ്ധതി (കേരള ഫീഡ്സ് ലിമിറ്റഡ്)<br>8. ആടു വളർത്തൽ പദ്ധതി ( മൃഗസംരക്ഷണ വകുപ്പ്)<br>9. കന്നുകുട്ടി വളർത്തൽ പദ്ധതി (മൃഗസംരക്ഷണ വകുപ്പ്)<br>10. കിടാരി വളർത്തൽ പദ്ധതി ( മൃഗസംരക്ഷണ വകുപ്പ്)<br>11.ട്രെയിനിംഗ് സെന്റർ ഫോർ ട്രാൻസ്ഫർ ഓഫ് ടെക്നോളജി (കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്) |

12.പ്രോജനി ടെസ്റ്റഡ് സെമൻ (കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്)

13. ഫ്രോസൻ സെമൻ ഓഫ് ഇൻഡിജിനസ് ബ്രീഡ്സ് (കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്)

14. കളക്റ്റീവ് മോഡൽ ഡയറി ഫാം ( കേരള ലൈവ് സ്റ്റോക്ക് ഡെവലപ്പ്മെന്റ് ബോർഡ്)

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പ് ഏത് ഘട്ടത്തിലായെന്ന് അറിയിക്കാമോ;

(ബി) 1. പശുക്കളെ വാങ്ങുന്ന പദ്ധതി.

പദ്ധതി മുഖേന 270.3 ലക്ഷം രൂപ ഉപയോഗിച്ച് 1802 പശുക്കളെ വാങ്ങിയിട്ടുണ്ട്. ബാക്കി 198 പശുക്കളെ ഈ മാസം തന്നെ വാങ്ങുന്നതാണ്.

2. കന്നുകുട്ടി പരിപാലന പദ്ധതി - പൂർത്തീകരിച്ചു.

3. മദി ഏകീകരണ പദ്ധതി - പൂർത്തീകരിച്ചു.

4. കൃത്രിമ ബീജധാന പദ്ധതി - പൂർത്തീകരിച്ചു.

5. കട്ടപ്പന ഡയറിയുടെ ശക്തിപ്പെടുത്തൽ

പദ്ധതിക്ക് വേണ്ടിയുള്ള സ്ഥലം മിൽമയും കൺസൾട്ടന്റും സന്ദർശിച്ചതിന് ശേഷം പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കണം. ആയതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. അകിടുവീക്ക നിയന്ത്രണ പദ്ധതി

പദ്ധതിക്കായി അനുവദിച്ച 650 ലക്ഷം രൂപയിൽ 600 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തീകരണ സർട്ടി ഫിക്കറ്റ് നൽകിയിട്ടുണ്ട്. ബാക്കിയുള്ള 50 ലക്ഷം രൂപ റീവാലിഡേറ്റ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

7. പുൽകൃഷി വികസന പദ്ധതി - പൂർത്തീകരിച്ചു.

8. ആടു വിതരണ പദ്ധതി

ഇടുക്കി പാക്കേജിന്റെ ഭാഗമായുള്ള ആടുവിതരണ പദ്ധതിക്കായി 1094.8665 ലക്ഷം രൂപ അനുവദിച്ചു. 5.69 ലക്ഷം രൂപ വിനിയോഗിച്ച് 580 ആടുകളെ വിതരണം ചെയ്തു. പദ്ധതി പ്രകാരം ആകെ 80980 ആടുകളെ ഉടൻതന്നെ വിതരണം ചെയ്യും.33000 ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിട്ടുണ്ട്.

9. കന്നുകുട്ടി വളർത്തൽ പദ്ധതി

18000 കന്നുകുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. 2000 കന്നുകുട്ടികളെ ഉൾപെടുത്താനുള്ള തുകയായ 160 ലക്ഷം രൂപ ലഭിച്ചു. 5300 ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും 1800 കന്നുകുട്ടികളെ പദ്ധതിയിലുൾപ്പെടുത്തി തീറ്റ വിതരണവും നടത്തുന്നുണ്ട്.

10. കിടാരി വളർത്തൽ പദ്ധതി

15000 കിടാരികളെയാണ് പദ്ധതി പ്രകാരം നൽകുവാനുള്ളത്. 9454 കിടാരികളെ നൽകുവാനുള്ള 906 ലക്ഷം രൂപ ലഭിച്ചു. പദ്ധതിയ്ക്കായി 5040 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു. 530 കിടാരികളെ ഈ മാസം പദ്ധതിയിൽ ഉൾപ്പെടുത്തും.

11. ട്രെയിനിംഗ് സെന്റർ ഫോർ ട്രാൻസ്ഫർ ഓഫ് ടെക്നോളജി

മാട്ടുപ്പെട്ടിയിലെ ട്രെയിനിംഗ് സെന്റർ വികസിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിച്ചു കഴിഞ്ഞു.

12. പ്രോജനി ടെസ്റ്റഡ് സെമെൻ

പദ്ധതി ഈ മാസം ആരംഭിക്കുന്നതാണ്.

13 ഫ്രോസൻ സെമൻ ഓഫ് ഇൻഡിജിനസ്

ബ്രീഡ്സ് - പദ്ധതി നടപ്പിലാക്കി വരുന്നു.

14. കളക്ടീവ് മോഡൽ ഡയറി ഫാം - പദ്ധതി അടുത്ത മാസം മുതൽ ആരംഭിക്കും.

| | |
|---|---|
| (സി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിന് നീക്കിവച്ചിരുന്ന ആകെ തുക എത്രയെന്നും നാളിതു വരെ ചെലവഴിക്കപ്പെട്ട തുക എത്രയാണെന്നുമറിയിക്കാമോ; | (സി) ഇടുക്കി പാക്കേജിനായി 91.15 കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 4574.787 ലക്ഷം രൂപ നാളിതുവരെ വകുപ്പിനായി കേന്ദ്ര സർക്കാരിൽ നിന്നും അനുവദിച്ചു. ആയതിൽ 1456.91 ലക്ഷം രൂപ വിനിയോഗിച്ചു. 3117.9 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. 4540.213 ലക്ഷം രൂപ ഇനി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുവാനുണ്ട്. |
| (ഡി) പദ്ധതികളുടെ നടത്തിപ്പിൽ വീഴ്ചകൾ സംഭവിച്ചതായി കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | (ഡി) പദ്ധതികളുടെ നടത്തിപ്പിൽ വീഴ്ചകളൊന്നും സംഭവിച്ചതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ

NS